# പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.341 — 08.02.2016 ന് മറുപടിയ്ക്ക്.

**ആനവേട്ട**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ആനവേട്ട നടത്തിയതിന് വനം വകുപ്പ് എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 19 കേസ്സുകൾ |
| (ബി) പ്രസ്തുത കാലയളവിൽ എത്ര ആനകളെ ആനവേട്ട സംഘം സംസ്ഥാനത്ത് നിന്നും വേട്ടയാടി കൊന്നെന്ന് വ്യക്തമാക്കാമോ; | (ബി) 18 ആനകൾ |
| (സി) ആനവേട്ട വ്യാപകമാകുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ സമ്മേളനം കോവളത്ത് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) വനം വന്യജീവി സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, അന്തർ-സംസ്ഥാന തലത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുമായുള്ള വിഷയങ്ങൾ ചർച്ച ചെയ്യുവാനുമായി 2015 ആഗസ്റ്റ് മാസം 6-ാം തീയതി തിരുവനന്തപുരം കോവളത്ത് വച്ച് ദക്ഷിണേന്ത്യൻ വനം മന്ത്രിമാരുടെ ഒരു യോഗം കൂടിയിട്ടുണ്ട്. മറ്റു പല വിഷയങ്ങളോടൊപ്പം ആനവേട്ടയും മറ്റു മൃഗവേട്ടയും തടയുന്നതിന് വിവിധ സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും പ്രസ്തുത യോഗം ചർച്ച ചെയ്യുകയുണ്ടായി. യോഗത്തിൽ കേരളത്തിനു പുറമെ ആന്ധ്രപ്രദേശ്, കർണ്ണാടക, തമിഴ്നാട്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ മന്ത്രിമാർ/ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. |
| (ഡി) പ്രസ്തുത യോഗം ഇത് സംബന്ധിച്ച് എന്തെല്ലാം ഭാവി പദ്ധതികൾക്കാണ് രൂപം കൊടുത്തിരുന്നത്; ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (ഡി) ആനവേട്ടയോ മറ്റു വന്യജീവി വേട്ടയോ തടയുന്നതിന് ടി യോഗത്തിൽ താഴെ പറയുന്ന പ്രവർത്തികളാണ് പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ളത്.<br>(എ) അന്തർ സംസ്ഥാന ഏകോപനത്തിനായി Southern |

Forest Ministers' Co-ordination Council

രൂപീകരിക്കുകയും വർഷാവർഷം കൗൺസിൽ യോഗം കൂടി വിവിധ വിഷയങ്ങൾ അവലോകനം ചെയ്യുക.

(ബി) 6 മാസത്തിലൊരിക്കൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം വകുപ്പുദ്യോഗസ്ഥ തല യോഗം കൂടി വന സംരക്ഷണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക.

(സി) സംയുക്ത പട്രോളിംഗ് കൂടുതൽ ശക്തമായി നടത്തുക.

മേൽപ്പറഞ്ഞവയുടെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) ഒരു വർഷത്തിനു ശേഷമാണ് അടുത്ത യോഗം കൂടുവാനുള്ളത്.

(ബി) അന്തർ സംസ്ഥാന ഉദ്യോഗസ്ഥ തല യോഗം 19.01.2016 ൽ ബന്ദിപ്പൂർ, കർണ്ണാടകയിൽ നടക്കുകയുണ്ടായി. കൂട്ടായ ശ്രമ ഫലമായി ആനവേട്ടയടക്കമുള്ള കേസ്സുകൾ മൊത്തത്തിൽ കുറഞ്ഞുവെന്ന് യോഗം വിലയിരുത്തി. തുടർന്നും കൂട്ടായ ശ്രമങ്ങൾ നടത്തുവാനും, വനത്തിനുള്ളിലും, പുറത്തുമുള്ള പ്രധാന ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി ക്യാമറകൾ വയ്ക്കുന്ന കാര്യം പരിഗണിക്കാനും, വേട്ടക്കാരുടെ വിവരങ്ങൾ പരസ്പരം കൈമാറാനും , മെറ്റൽ ഡിക്റ്റർ ഉപയോഗിച്ചുള്ള തിരച്ചിൽ വനപ്രദേശത്ത് ഇടയ്ക്കിടെ നടത്തുന്ന കാര്യം പരിഗണിക്കുവാനും യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) സംയുക്ത പട്രോളിംഗ് ആവശ്യമുള്ള മേഖലകളിൽ അതിനായുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത യോഗത്തിനായി എത്ര തുക സർക്കാരിന് ചെലവു വന്നിട്ടുണ്ട്; ഇത് സംബന്ധിച്ച് ഇനം തിരിച്ച് വിശദമാക്കാമോ;

(ഇ) പ്രസ്തുത യോഗത്തിനായി 29,51,623/- രൂപ (ഇരുപത്തി ഒൻപതു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്. ആയത് ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോഗ്രാം കമ്മിറ്റി | 1,89,168.00 രൂപ |
| ലോജിസ്റ്റിക് കമ്മിറ്റി (ഉപഹാരം, ഗതാഗതം ഉൾപ്പെടെ) | 3,66,144.00 രൂപ |
| പരസ്യ പ്രചാരണം - കലാസന്ധ്യ | 10,70,480.00 രൂപ |
| താമസം, ഭക്ഷണം | 13,25,861.00 രൂപ |

| | |
|---|---|
| ആകെ | 29,51,623.00 രൂപ |

| | |
|---|---|
| (എഫ്) ആനവേട്ടക്കേസിന്റെ നിലവിലെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത കേസുകൾ ഇപ്പോൾ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്; വിശദമാക്കാമോ? | (എഫ്) ആനവേട്ടയുമായി ബന്ധപ്പെട്ട് 2015 ൽ മലയാറ്റൂർ, വാഴച്ചാൽ, മൂന്നാർ മേഖലകളിൽ എടുത്ത കേസ്സുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>മലയാറ്റൂർ, വാഴച്ചാൽ, തേക്കടി, മൂന്നാർ വനം ഡിവിഷനുകളിലായി മോത്തം 19 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൊത്തം 18 ആനകളുടെ ജഡാവശിഷ്ടം കണ്ടെത്തുകയും 84 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസ്സുകളുമായി ബന്ധപ്പെട്ട് 10 വാഹനങ്ങളും 15 തോക്കുകളും പിടിച്ചെടുത്തു. ഡൽഹിയിൽ നിന്നുൾപ്പെടെ മൊത്തം 489.292 കിലോഗ്രാം ആനക്കൊമ്പ് / ആനക്കൊമ്പിൽ തീർത്ത കരകൗശല വസ്തുക്കൾ എന്നിവ പിടിച്ചെടുത്തു. കേസ്സന്വേഷണം കേരള വനം വകുപ്പാണ് നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ.